ഉത്തരം

(എ & ബി) ഉണ്ട്.

(സി) ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശബ്ദ തീവ്രത അളക്കാനുള്ള ഉപകരണങ്ങൾ വാങ്ങുവാനും പദ്ധതിയുണ്ട്.

പെർമിറ്റില്ലാത്ത സ്വകാര്യബസ്സുകൾ

267 (7830) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ എത്ര സ്വകാര്യബസ്സുകൾക്ക് പുതുതായി ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് പെർമിറ്റ് നൽകി ;

(ബി) ഇത്തരം പെർമിറ്റില്ലാത്ത ബസ്സുകൾ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബോർഡുകൾ വച്ച് സർവ്വീസ് നടത്തുന്നതായ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ട് സ്വകാര്യ ബസ്സുകൾക്ക് പുതുതായി ഫാസ്റ്റ് പാസഞ്ചർ പെർമിറ്റ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. പരാതികളിന്മേൽ അന്വേഷണം നടത്തുകയും കുറ്റക്കാരായവർക്ക് എതിരെ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി താക്കീത് നൽകുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ഫ്ളക്സ് ബോർഡുകൾമൂലമുള്ള അപകടങ്ങൾ

268 (7831) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലും കവലകളിലും വ്യാപകമായി ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാഴ്ച മറയ്ക്കുംവിധം വച്ചിട്ടുള്ള ബോർഡുകൾ നീക്കംചെയ്യാൻ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ബോർഡുകൾമൂലം ഉണ്ടായ അപകടങ്ങൾ എത്രയാണ് ;

(ഡി) അപകടങ്ങളിൽ പരിക്കേറ്റവരുടേയും മരണപ്പെട്ടവരുടേയും ജില്ലതിരിച്ചുള്ള വിശദവിവരം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ മോട്ടോർവാഹന വകുപ്പിന് പരിമിതികളുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരസ്യബോർഡുകൾ, ഹോർഡിങ്ങുകൾ എന്നിവ നീക്കം ചെയ്യുന്നതിലേക്കായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലിൽ കേരള റോഡ് സുരക്ഷാ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവശ്യനടപടികൾ സ്വീകരിക്കണമെന്ന് എല്ലാ റീജിണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കാഴ്ച മറയ്ക്കുംവിധം ബോർഡുകൾ സ്ഥാപിച്ചതുമൂലം ഒരപകടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കോട്ടയം ജില്ലയിൽ അപകടത്തിൽ ഒരാൾ മരണപ്പെട്ടിട്ടുണ്ട്. ആർക്കും പരിക്കേറ്റിട്ടില്ല.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്ന വാഹനങ്ങൾ

269 (7832) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കണക്കനുസരിച്ച് മോട്ടോർ തൊഴിലാളി ക്ഷേമനിധി അടച്ചതിനുശേഷംമാത്രം നികുതി സ്വീകരിക്കേണ്ടതായ എത്ര വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലെ നിയമമനുസരിച്ച് വാഹനനികുതി അടയ്ക്കുമ്പോൾ ക്ഷേമനിധി വിഹിതം അടച്ച രസീതുകൂടി ഹാജരാക്കേണ്ടതുണ്ടോ ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ, ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടവയും എന്നാൽ അത് ചെയ്യാത്തതുമായ വാഹനങ്ങൾ നികുതി അടയ്ക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം നികുതിയടയ്ക്കുന്നതെങ്ങനെയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) 31-3-2014 വരെ 13,84,251 വാഹനങ്ങൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി അടച്ചതിനുശേഷം നികുതി സ്വീകരിക്കേണ്ടതായുണ്ട്. പി.എഫ്. ഉള്ളവരെയും 60 വയസ്സിന് മുകളിലുള്ളവരേയും മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിൽ 2005-ൽ നിലവിൽ വന്ന ഭേദഗതിയനുസരിച്ച് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി അടയ്ക്കണമെന്നുണ്ടെങ്കിൽ നികുതി അടയ്ക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly